**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2129** **09-02-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനമാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (എ) | **കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുവേണ്ടി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 9.41 കോടി രൂപയുടെ കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ആശുപത്രിയുമായി ബന്ധപ്പെട്ട വാട്ടർ ടാങ്ക്, പമ്പ് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ജനറേറ്റർ റൂം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ലിഫ്റ്റ്, ഫയർ & സേഫ്റ്റിക്കുള്ള പൈപ്പ് ലൈൻ, വൈദ്യുതി കണക്ഷൻ എന്നിവയും ഇപ്പോൾ പൂർത്തിയാക്കിയിട്ടുണ്ട്.**<br><br>**അമ്മയും കുഞ്ഞും ആശുപത്രി കാഞ്ഞങ്ങാടിന് ഫയർ ആന്റ് സേഫ്റ്റി NOC ലഭ്യമാക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി അംഗീകാരം ലഭ്യമായി, കെട്ടിട നമ്പറിന് വേണ്ടി കാഞ്ഞങ്ങാട് മുൻസിപ്പലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.**<br><br>**KMSCL മുഖേന ആശുപത്രി ഉപകരണങ്ങൾ ലഭ്യമായി കൊണ്ടിരിക്കുന്നു.**<br><br>**ഫർണിച്ചർ, മൈനർ ഉപകരണങ്ങൾ എന്നിവ ഡി.എം.ഒ മുഖാന്തിരം വാങ്ങിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.**<br><br>**എൻ എച്ച് എം ROP 2021-22 അനുവദിച്ച 2.85 കോടി രൂപയുടെ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സിസ്റ്റം, മോഡുലർ ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ പ്രവൃത്തി ഫെബ്രുവരി അവസാന വാരത്തോട് കൂടിയും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണം മാർച്ച് അവസാനത്തോട് കൂടിയും പൂർത്തിയാവുന്നതാണ്.**<br><br>**അമ്മയും കുഞ്ഞും ആശുപത്രി കാഞ്ഞങ്ങാടിന് നിലവിൽ 12 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ടാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രിയിലെ തസ്തികകൾ** |

| | | | |
|---|---|---|---|
| | | | **താൽകാലികമായി പുനർവിന്യസിക്കാനും 3 ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുവാനും ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കുന്നുണ്ട്.**<br><br>**സുപ്രണ്ടിനെ നിയമിക്കുവാനായി തിരുവനന്തപുരം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ അസ്സിസ്സ്റ്റന്റ് ഡയറക്ടർ തസ്തിക താൽകാലികമായി പുനർവിന്യസിക്കാൻ ഉത്തരവായിട്ടുണ്ട്**<br><br>**മാർച്ച് അവസാനവാരത്തോടുകൂടി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നരീതിയിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇതിനായി ബഹു. മുഖ്യമന്ത്രിയും, ആരോഗ്യ വകുപ്പ് മന്ത്രിയും വകുപ്പ് തലത്തിലും നിരവധിതവണ യോഗങ്ങൾ വിളിച്ചുചേർക്കുകയും പുരോഗതിവിലയിരുത്തുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ